പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1617 — 15/02/2016 ൽ മറുപടിക്ക്

## കന്നുകുട്ടി പരിപാലന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി.ശശി<br>ശ്രീ. കെ. അജിത് : | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി). |
| എ) സംസ്ഥാനത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് എന്നുമുതലാണ് ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ആരംഭിച്ചത് 1976ലാണ്.<br>സംസ്ഥാനത്ത് കന്നുകുട്ടികളെ ( പശുക്കുട്ടി/എരുമക്കുട്ടി) ഗുണമേന്മയുള്ള തീറ്റയും വൈറ്റമിൻ ധാതുലവണമിശ്രിതവും നൽകി ശാസ്ത്രീയമായി പരിപാലിച്ച് അവയുടെ പാലുല്പാദനവും പ്രത്യുല്പാദനക്ഷമതയും ഉറപ്പുവരുത്തുന്നതോടെ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തതയും അതുവഴി സമൂഹത്തിന്റെ ഭക്ഷ്യസുരക്ഷയും ലക്ഷ്യം വെച്ചുകൊണ്ടാണ് പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി നടപ്പിലാക്കി വരുന്നത്. ശാസ്ത്രീയ പരിചരണം മുഖേന കിടാരികളുടെ ആദ്യപ്രസവം നേരത്തെ ആക്കുക, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക എന്നീ മാർഗ്ഗങ്ങളിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. |
| ബി) 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക യഥാസമയം ചെലവഴിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ? | ബി) ഇല്ല.<br>എൻറോൾ ചെയ്യപ്പെട്ട കന്നുകുട്ടികൾ ചത്തുപോകുക, ഗുണഭോക്താക്കൾ സ്വമേധയാ പദ്ധതിയിൽ നിന്നും പിന്മാറുക, പദ്ധതിയിൽ എൻറോൾ ചെയ്തശേഷം കന്നുകുട്ടികളെ വിൽക്കുക, പഞ്ചായത്തുകളിൽ നിന്നും ശരിയായ ഗുണഭോക്തൃപട്ടിക യഥാസമയം ലഭിക്കാതിരിക്കുക, പഞ്ചായത്ത് വിഹിതം ആവശ്യത്തിന് ലഭിക്കാതിരിക്കുക (സംസ്ഥാന വിഹിതത്തേക്കാൾ കുറവായിരിക്കുക), പദ്ധതി നിബന്ധനകൾ ശരിയായി പാലിക്കാത്തതിനാൽ ഗുണഭോക്താക്കൾ പുറത്താക്കപ്പെടുക മുതലായ കാരണങ്ങളാലാണ് 2011-12 മുതൽ പദ്ധതിക്ക് അനുവദിച്ച തുക മുഴുവനും ചെലവഴിക്കുവാൻ കഴിയാതിരുന്നത്. |

സെക്ഷൻ ഓഫീസർ